പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 963 **14-10-2026-ൽ മറുപടിയ്ക്ക്**

വെള്ളനാട് കുളക്കോട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ കുളക്കോട് എന്ന സ്ഥലത്ത് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള 22 സെന്റ് ഭൂമിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന നടപടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; ഇത് സ്ഥാപിക്കുകയാണെങ്കിൽ പ്രസ്തുത പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുമെന്നതിനാൽ കാലതാമസം കൂടാതെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: അരുവിക്കര ജലശുദ്ധീകരണ ശാലയിൽ നിന്നും വെള്ളരിപാറ മാസ്റ്റർ റിസർവോയറിലേക്കും അവിടെനിന്ന് കുളക്കോട്, കുതിരകുളം റിസർവോയറുകളിലേക്കും ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുന്നതിന് ₹18 കോടി ചെലവിൽ JJM പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ട് അഞ്ച് തവണ ടെൻഡർ ചെയ്തിട്ടും നടപ്പിലാക്കാനായിട്ടില്ല.

വെള്ളനാട് പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് കുളക്കോട് KWA ഭൂമിയിൽ 4.5 MLD ശേഷിയുള്ള ഒരു ജല ശുദ്ധീകരണശാല നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ